പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *265

18.07.2016-ൽ മറുപടിക്ക്

## ഭവന രഹിതർക്കായി ഭവന നിർമ്മാണ പദ്ധതികൾ

**ചോദ്യം**

ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. കെ. രാജൻ
,, മുല്ലക്കര രത്നാകരൻ

(എ) ഭവന രഹിതർക്കായി സംസ്ഥാനത്ത് നടപ്പാക്കി വരുന്ന വിവിധ തരത്തിലുള്ള ഭവന നിർമ്മാണ പദ്ധതികളിൽ ഓരോ പദ്ധതിയുടെയും ലക്ഷ്യം എന്തായിരുന്നുവെന്നും ആയത് യഥാസമയം നിറവേറ്റാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ഭവന രഹിതർക്കായി സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡ് മുഖേന ഭവന നിർമ്മാണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ഗൃഹശ്രീ ഭവന പദ്ധതി.
2. സാഫല്യം ഭവന പദ്ധതി.
3. ഇന്നൊവേറ്റീവ് (അത്താണി) ഭവന പദ്ധതി.

**ഗൃഹശ്രീ ഭവന പദ്ധതി**

സംസ്ഥാനത്ത് ഭവന രഹിതരായ സ്വന്തമായി 2 സെന്റ്/ 3 സെന്റ് ഭൂമിയുള്ള ദുർബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന/കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ വീട് ലഭ്യമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ 2 ലക്ഷം രൂപ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നതാണ് ഗൃഹശ്രീ ഭവന പദ്ധതി.

ഗുണഭോക്താക്കളുടെ ഭാഗത്ത് നിന്നും തിരിച്ചടവില്ലാത്ത പദ്ധതിയായതിനാൽ നടപടിക്രമങ്ങൾ പരമാവധി ലഘൂകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയിൽ കഴിഞ്ഞ 3 വർഷം കൊണ്ട് ഏകദേശം 2700 ഓളം ഭവനരഹിതർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

<u>സാഫല്യം ഭവന പദ്ധതി</u>

ദുർബലവിഭാഗത്തിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയോടുകൂടിയും പഞ്ചായത്തുകളുടേയും സന്നദ്ധസംഘടന/കാരുണ്യാവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെയും ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുക എന്നതാണ് സാഫല്യം ഭവന പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ഹഡ്കോ വായ്പ സമാഹരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നത്. ഹഡ്കോ വായ്പ സമാഹരിക്കാൻ കഴിയാതെവന്ന സാഹചര്യത്തിൽ ടി തുക പഞ്ചായത്ത് വിഹിതമായി ലഭ്യമാക്കിയ ചാത്തന്നൂർ, ചോറ്റാനിക്കര, ചേളന്നൂർ എന്നീ 3 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കിയെങ്കിലും മറ്റ് സ്ഥലങ്ങളിൽ പഞ്ചായത്തുകളുടെ നിസ്സഹകരണംമൂലം ടി പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

<u>ഇന്നൊവേറ്റീവ് (അത്താണി) ഭവനപദ്ധതി</u>

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിന് പുറത്ത് ജോലി സ്ഥലങ്ങളിൽ നിന്നും വളരെ ദൂരത്തായി താമസിക്കുവാൻ നിർബന്ധിതരാകുകയും ചെയ്യുന്ന പാവപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സർക്കാർ ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ

വാടകയ്ക്ക് നല്കുന്ന പദ്ധതിയാണ് ഇന്നൊവേറ്റീവ് ഭവനപദ്ധതി. ടി ലക്ഷ്യം നിറവേറ്റാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര ഭവന രഹിതരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവർക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

(ബി) ഭവന നിർമ്മാണ വകുപ്പിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 4,72,000 ഭവന രഹിതരുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

എല്ലാവർക്കും വീട് പദ്ധതി.

സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഭൂരഹിതരായ ബി.പി.എൽ വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ/താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതി പ്രകാരം 22,000 വീടുകളും അനുവദിക്കുന്ന "എല്ലാവർക്കും വീട്" പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി 2 സെന്റ് ഭൂമി സ്വന്തമായുള്ള ബി.പി.എൽ. വിഭാഗത്തിലുള്ളവർക്ക് 7000 വീടുകൾ നിർമ്മിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ